ദിവസം2, 11 ഫെബ്രുവരി 2019 തിങ്കൾ

# മറഞ്ഞിരിക്കുന്നവരെ വെളിപ്പെടുത്തുന്നു

മർക്കോസ് 14: 3 - 9

നമ്മൾ പല ദിശകളിൽ നിന്നും വലിച്ചെടുക്കപ്പെടുന്ന ഒരു ലോകത്തിലാണു ജീവിക്കുന്നത്. തന്മൂലം നമുക്ക് തകർച്ചയും നിരാശയും അനുഭവപ്പെടുന്നു. ജീവിതം വളരെ ആവശ്യങ്ങൾ നിറഞ്ഞതാകാം. ഓരോ വ്യക്തിയും തനതായ പ്രശ്നങ്ങളും പ്രയാസങ്ങളും അഭിമുഖീകരിക്കുകയും സഹായം തേടുകയും ചെയ്തുകൊണ്ടിരിക്കുന്നു

മർക്കോസ് 14: 3 -9 വാക്യങ്ങൾ നമുക്ക് ചിന്തിക്കാം. ഇവിടെ വിലയേറിയ തൈലവുമായി വരുന്ന ഒരു സ്ത്രീയെക്കുറിച്ച് നാം വായിക്കുന്നു. (300 ദനാറ അതായത് അവള്ക്ക് ഒരു വർഷത്തെ മുഴുവൻ വേതനവും ആണ് അതിന്റെ വില ) അവൾ യേശുവിൻറെ തലയിൽ ആ തൈലം പൂശി മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവനെ അവന്റെ മരണത്തിനായി അഭിഷേകം ചെയ്തു. അവൾ ഗുരുവിന്റെ സ്പർശനം ആവശ്യമായിരുന്ന ഒരു സ്ത്രീയായിരുന്നു, എന്നാൽ അവൾതന്നെ ഒരു അദൃശ്യമായ സ്പർശനത്തിലൂടെ അവനെ സ്പർശിച്ചു. അവളുടെ വിശ്വാസത്തിനുവേണ്ടി യേശു അവളെ അഭിനന്ദിക്കുന്നതായി നാം വായിക്കുന്നു.

"അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തതു. "
" അവൾ തന്നാൽ ആവതു ചെയ്തു"
ശിഷ്യന്മാരുടെയും മറ്റുള്ളവരുടെയും രോഷം അവളുടെ നേരെ ജ്വലിച്ചു. എന്നാൽ അവൾ 'അവനെ ', ദൈവപുത്രനെ , മിശിഹായെ , രക്ഷകനെ , സൗഖ്യ ദായകനെ, വിമോചകനെ തിരിച്ചറിഞ്ഞു. അപ്രകാരം ചെയ്തതുമൂലം , ഈ പേരില്ലാത്ത സ്ത്രീ യേശുവിന്റെ ഒരു യഥാർത്ഥ ശിഷ്യയായിത്തീർന്നു. അവൾ, സ്നേഹത്തിന്റെ ഉപകരണം, തിരിച്ചു സ്നേഹിക്കപ്പെടുകയും തന്മൂലം വേദനിക്കുന്നവർക്കു ആ സ്നേഹം പങ്കുവയ്ക്കാൻ പ്രാപ്തയാക്കപ്പെടുകയും ചെയ്തു. അവളുടെ ജീവിതത്തിൽ സൗഖ്യത്തിന്റെ പരിവർത്തനം കൊണ്ടുവരാൻ ഒരു സ്പർശനം, അദൃശ്യ സ്പർശനം മതിയായിരുന്നു.

ഒരു നിമിഷം നമുക്ക് ഒന്ന് നിന്ന് നമ്മുടെ മദ്ധ്യേ ഉള്ള പേരില്ലാത്ത അദൃശ്യനായ ആളുകളെ പറ്റി അതായത് സ്ത്രീകൾ, കുട്ടികൾ, മുതിർന്നവർ, മനസികവൈകല്യങ്ങളുള്ളവർ, ത്യജിക്കപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ, മയക്കുമരുന്നിന് അടിമകൾ ആയവർ, ബാലപീഡകർ, അവിവാഹിതരായ 'അമ്മമാർ മുതലായവരെ പറ്റി ഒന്ന് ചിന്തിക്കാം. അവൾക്കു വേണ്ടി യേശു പറഞ്ഞ ആ വാക്കുകൾ കേൾക്കേണ്ട സമയം ഇതാണ്. " ഇവളെ വിടുവിൻ; അവളെ അസഹ്യപ്പെടുത്തുന്നതു എന്തു" (6) " സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മെക്കായി പ്രസ്താവിക്കും " (9)

## ഒരു നിമിഷം ചിന്തിക്കാം

1. നിങ്ങളുടെ സ്വാധീന വലയത്തിൽ ഉള്ള നിങ്ങൾ അവഗണിച്ചതും മറന്നു കളഞ്ഞതുമായ പേരില്ലാത്ത ആളുകളെ തിരിച്ചറിയുക
2. വേദനിക്കുന്നവരെ കണ്ടെത്തി രക്ഷിക്കുവാൻ വ്യക്തിപരമായി നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുന്ന ചില കാര്യങ്ങൾ എന്തൊക്കെ?
3. സഭകളും ആതുര സ്ഥാപനങ്ങളും ജീവ ദായക സ്പർശനത്തിന്റെ ഉപകരണങ്ങളാകുവാൻ ഉറപ്പുള്ള ചില മാർഗ്ഗങ്ങൾ നിർദേശിക്കുക.

## പ്രാർത്ഥന

സകല മനുഷ്യരുടെയും ദൈവമേ വേദനിക്കുന്നവരുടെ, ആശ്വാസത്തിനും സൗഖ്യത്തിനും വീണ്ടെടുപ്പിനും ഒരിടവും ഇല്ലാത്തവരുടെ ആവശ്യങ്ങളിലേക്കു ഞങ്ങളുടെ കണ്ണുകൾ തുറക്കണമേ. അവരിൽ ഓരോരുത്തരുടേയും സമാധാനത്തിനും, പൂർണ്ണതയ്ക്കുമുള്ള ഉപകരണം ആയിരിക്കാൻ ഞങ്ങളെ സഹായിച്ച് അവരെ വിശ്വാസത്തിലും ധൈര്യത്തിലും ഉറപ്പിക്കുന്നവന്റെ അടുത്തേക്ക് അവരെ നയിക്കാൻ ഞങ്ങൾക്ക് സാധിക്കുമാറാകട്ടെ ആമേൻ

**ഡോ. സുനിത നെറോണ**
അസോസിയേറ്റ് പ്രൊഫസർ, പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമിലെ ഡീൻ,
യൂണിയൻ ബിബ്ലിക്കൽ സെമിനാരി, പൂന

# രക്ഷകനെ സ്പർശിക്കുവാനുള്ള വിടുതൽ

മർക്കോസ് 6:53 - 56

മരുഭൂമിയിലെ കൊടും ചൂടിൽ തളർന്നു വീഴുന്ന ഒരു യാത്രികനെ സങ്കൽപ്പിക്കുക. അയാളിൽ നിന്ന് അല്പം മാത്രം അകലെ തണുത്ത വെള്ളം നിറച്ച പാത്രങ്ങളുള്ള ഒരിടമുണ്ട്. അത് സൗജന്യമാണ്. അത്ര അടുത്ത് ഇപ്രകാരം ജലമുള്ള വസ്തുത അയാൾക്ക് അജ്ഞാതമാണ്. നിര്ജ്ജലീകരണവും തളർച്ചയും ആ ജല സ്രോതസിലേക്കു എത്തിച്ചേരുന്നതിനു അയാൾക്ക് തടസ്സമായിരിക്കുന്നു. സഹായിക്കുവാൻ ആരും ആ വഴി കടന്നു വന്നില്ലെങ്കിൽ ആ മനുഷ്യന്റെ ജീവിതം അവിടെ അവസാനിക്കും.

ഇന്ന് നമ്മൾ വളരെയധികം വ്യത്യസ്തമായ ആവശ്യങ്ങളുള്ള ആളുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. ആവശ്യങ്ങൾ - ശാരീരികം, വൈകാരികം, മാനസികം, സാമൂഹികം, സാമ്പത്തികം, ആത്മീയം ഒക്കെ ആകാം. പ്രത്യാശ നഷ്ട്ടപ്പെട്ട ഇവർക്ക് സൗഖ്യവും പ്രത്യാശയും എപ്രകാരം നമുക്ക് നൽകാൻ സാധിക്കും?

ഇന്നത്തെ വേദഭാഗത്തുള്ള മൂന്നു പാഠങ്ങളിലേക്കു നമുക്ക് നോക്കാം. ഒന്നാമത് ആളുകൾ യേശുവിനെ തിരിച്ചറിയുന്നു. അവർ അവനെ അയ്യായിരത്തെ പോഷിപ്പിച്ച, ഭൂതങ്ങളെ പുറത്താക്കിയ രോഗികളെ സൗഖ്യം ആക്കിയ മരിച്ചവരെ ഉയർപ്പിച്ച അത്ഭുത പ്രവർത്തകനായി തിരിച്ചറിയുന്നു. ഒരു വൈദ്യനും സുഖപ്പെടുത്തുവാൻ ആകാതിരുന്ന പഴകിയ രക്ത സ്രാവമുണ്ടായിരുന്ന സ്ത്രീയെ പോലും സുഖപ്പെടുത്തതാൻ കഴിവുള്ളവൻ. അതെ. യേശുവിന്റെ ശക്തിയും അനുകമ്പയും തിരിച്ചറിയുകയാണ് നാം ചവിട്ടേണ്ട ആദ്യ പടി. സുവിശേഷങ്ങൾ പ്രാർഥനാപൂർവം വായിക്കുന്നത് , വിശ്വാസകണ്ണാൽ യേശുവിനെ കാണാൻ സഹായിക്കും. അപ്പോൾ ഇന്നും സൗഖ്യവും പൂർണതയും വാഗ്ദാനം ചെയ്യുന്ന യേശുവിന്റെ സ്പർശനം നമുക്ക് തിരിച്ചറിയുവാൻ കഴിയും. രണ്ടാമതായി, ആളുകൾ അവർ ഏർപ്പെട്ടിരുന്നതിനെ ഉപേക്ഷിച്ച് രോഗികളെ യേശുവിന്റെ അടുക്കലേക്കു കൊണ്ടുപോകാൻ ഓടിച്ചെന്നു. അവർ കിടക്കയോടെ രോഗികളെ യേശുവിന്റെ സമീപത്ത് എത്തിച്ചു. ഇന്ന് നമ്മൾ തിരക്കിലാണ്, ആരെയെങ്കിലും സഹായിക്കാൻ സമയമില്ല. പലപ്പോഴും, നാം ദരിദ്രരെ, തകർന്നവരും, തകർന്നവരും, , പാവപ്പെട്ടവരും, ആയ നമുക്ക് ചുറ്റുമുള്ളവരെ നമ്മെ അവഗണിക്കുന്നു. നമ്മോടു ക്ഷമിക്കുവാനും മറ്റുള്ളവരോട് കൂടുതൽ ക്ഷമാശീലനും സഹാനുഭൂതിയും കാണിക്കുവാനുള്ള ശക്തി തരുവാനും നാം പ്രാർത്ഥിക്കണം. അപ്പോൾ നമുക്ക് ആവശ്യമുള്ളവരെ സമീപിക്കാനും യേശുവിന്റെ സ്പർശനത്തിലേക്ക് അവരെ ബന്ധിപ്പിച്ച് അവരുടെ ജീവിതത്തെ സ്പർശിക്കാനും സാധിക്കും. മൂന്നാമതായി, യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടവരൊക്കെയും സൌഖ്യം പ്രാപിച്ചു. ആരെങ്കിലും ചിലർ മാത്രമല്ല, എല്ലാവരും സൗഖ്യം പ്രാപിച്ചു. സൌഖ്യമാക്കാനും പുനഃസ്ഥാപിക്കാനുമുള്ള യേശുവിന്റെ ശക്തിയിൽ നാം വിശ്വസിക്കേണ്ടതുണ്ട്. യേശു മനുഷ്യവർഗ്ഗത്തെ എല്ലാവരെയും സ്നേഹിക്കുന്നുവെന്നും ആശ്വാസത്തിന് വേണ്ടിയുള്ള തങ്ങളുടെ നിലവിളിക്ക് ഉത്തരമരുളുമെന്നും നാം വിശ്വസിക്കേണ്ടതുണ്ട്. . യേശുവിന്റെ ശക്തിയിൽ നാം യഥാർഥത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, ആവശ്യമുള്ളവർക്കായി നാം പ്രാർഥിക്കും. യേശുവിന്റെ സ്നേഹം അവരോടുകൂടെ പങ്കുവെച്ചുകൊണ്ട് അവന്റെ രോഗശാന്തി സ്പർശനം ലഭിക്കാൻ അവരെ ക്ഷണിക്കും.

**ഒരു നിമിഷം ചിന്തിക്കാം**

1. നമുക്ക് യേശുവിനെ ഈ ആഴ്ചയിൽ കൂടുതൽ പരിചയപ്പെടാം, അവൻറെ ശക്തിയും അനുകമ്പയും തിരിച്ചറിയാൻ കഴിയുന്ന വഴികളെക്കുറിച്ചു ചിന്തിക്കാം.
2. ഓരോ ദിവസവും കുറഞ്ഞത് ഒരു പാവപ്പെട്ട വ്യക്തിയെ സഹായിക്കാൻ നിങ്ങൾക്ക് സമയം കണ്ടെത്തുവാനായി നിങ്ങളുടെ ജീവിതത്തെ എങ്ങനെ പുനർക്രമീകരിക്കാൻ കഴിയും?
3. യേശുവിന്റെ സ്പർശനം എല്ലാവർക്കും രോഗശാന്തിയും സൌമ്യതയും വരുത്താൻ ശക്തിയുള്ളതാണെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, ഈ വിശ്വാസം മറ്റുള്ളവരുമായി പങ്കുവെക്കാൻ നിങ്ങൾക്ക് എങ്ങനെ കഴിയും?

പ്രാർത്ഥന

കർത്താവായ യേശുവേ, നിന്നെ ശക്തനും അനുകമ്പയുള്ളവനുമായ സൗഖ്യപ്രദായകനായി തിരിച്ചറിയുവാൻ എന്നെ സഹായിക്കണം. എന്റെ അവിശ്വാസത്താലും, സ്വാർത്ഥതയിലും, അനുകമ്പയുടെ കുറവിലും നിന്ന് എന്നെ രക്ഷിക്കുവാൻ എന്നെ സഹായിക്കണമെന്നും പ്രാർത്ഥിക്കുന്നു. ഇന്ന് നിന്റെ സ്പർശനം ഞാൻ അനുഭവിക്കട്ടെ. അങ്ങനെ ഞാൻ നിങ്ങളെ മറ്റുള്ളവരെ നയിക്കുമാറാകട്ടെ . ആമേൻ.

**ഡോ. ശ്രീമതി വസന്ത തോമസ്,**

ദേശീയ തലവൻ, അർപാന മിനിസ്റ്ററീസ്, പുണെ

ദിവസം 4 , 13 ഫെബ്രുവരി, 2019, ബുധനാഴ്ച

## സൌഖ്യത്തിലേക്ക് വിശ്വാസത്തിന്റെ തീർത്ഥാടനം

ലൂക്കോസ് 8: 44-46

ദൈനംദിന ജീവിതത്തിൽ പ്രത്യാശയോടെ തുടരുന്നതിന് വിശ്വാസവും കൃപയും നമ്മെ ശക്തീകരിക്കുന്നു. വിശ്വാസം രക്ഷിക്കുന്നു, സൌഖ്യമാക്കുന്നു, സമാധാനവും നൽകുന്നു. വിശ്വാസം പുനഃസ്ഥാപനവും, ഉൾപ്പെടുത്തലും, സ്വീകാര്യവും നൽകുന്നു. സൗഖ്യത്തിനുള്ള ശക്തി തന്നിൽ തന്നെ ഉള്ള വിശ്വാസത്തിൽ നിന്ന് വരുന്നു. " എന്നിൽ നിന്ന് ശക്തി പുറപ്പെട്ടു " എന്ന് യേശു പറഞ്ഞപ്പോൾ തന്നെക്കുറിച്ച് രണ്ടു പുതിയ കാര്യങ്ങൾ അവൻ വെളിപ്പെടുത്തുകയായിരുന്നു. യേശു ദൈവികശക്തി വഹിക്കുന്നവൻ ആണ്, അധികാരം വിവേചിക്കാനുള്ള പ്രാപ്തി അവനുണ്ട് എന്നുള്ള വസ്തുതകൾ അവൻ മറ്റുള്ളവർക്ക് വെളിപ്പെടുത്തി. വളരെ ശക്തമായിട്ടാണ് അവൻ ആ വെളിപ്പെടുത്തൽ നടത്തുന്നത്. ഈ പശ്ചാത്തലത്തിൽ യേശുവിന്റെ രോഗശാന്തിയും വിശ്വാസത്തിന്റെ രക്ഷാ പ്രതികരണവും തമ്മിൽ ബന്ധമുണ്ട്. 'വിശ്വാസം' എന്ന പദം പ്രമുഖമാക്കുകയും യേശുവിന്റെ വാക്കുകൾ രോഗശാന്തിയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കുകയും വേണം. മുറിവേറ്റ സ്ത്രീയുടെ വിശ്വാസത്തെ സമൂഹത്തിന്റെ അതിരുകളും വ്യവസ്ഥകളും വഴി അവൻ പരിശോധിച്ചു. എന്നിരുന്നാലും, സകലതരം മനുഷ്യഘടകങ്ങളെയും അതിർവരമ്പുകളെയും അതിജീവിക്കാൻ കഴിയുന്നവനാണ് യേശുഎന്ന തിരിച്ചറിവിലാണ് അവൾ വിശ്വാസം പ്രകടിപ്പിച്ചത്. അവളുടെ വിശ്വാസം അവളുടെ ശാരീരിക സൗഖ്യത്തെ മാത്രമല്ല കൊണ്ടുവന്നത് പിന്നെയൊരു അവളുടെ പൂർണമായ പുനഃസ്ഥാപനത്തെ ആണ്.

സ്പർശനം വളരെ ശക്തമാണ്. നമ്മുടെ വാക്കുകൾ, പ്രവർത്തനങ്ങൾ, മനോഭാവം എന്നിവയിലൂടെ നമ്മൾ മറ്റുള്ളവരെ സ്പർശിക്കുന്നു. ദൈവവും രോഗികളുടെയും കഷ്ടപ്പെടുന്നവരുടെയും ദരിദ്രരുടേയും അടിച്ചമർത്തപ്പെടുന്നവരുടെയും ദൈവമാണ്. ഇന്നത്തെ കാലം അസമത്വങ്ങൾ, വിഭജനം, അനീതികൾ, ലിംഗപരമായ അസമത്വങ്ങൾ, ദാരിദ്ര്യം, ബലാത്സംഗം, വിവിധ രൂപങ്ങളിൽ വിവിധ തരത്തിലുള്ള പ്രതിസന്ധികൾ, സാമൂഹ്യ അസ്വസ്ഥതകൾ തുടങ്ങിയവ വെല്ലുവിളികൾ ഉണരുന്ന കാലമാണ്. കേൾക്കുന്നതും കേൾക്കാത്തതുമായ തകർച്ചകളുടെ നിലവിളികൾ ഇന്ന് സൗഖ്യം തേടുന്നു. എന്നാൽ, നമ്മുടെ തകർച്ചയിൽ നിന്ന് രോഗശാന്തിയിലേക്കു നമ്മെ നയിക്കുവാൻ യേശുവിന്റെ സ്പർശനത്തിൽ ശക്തി ഉണ്ട്. ആവശ്യമുള്ള സമയത്ത് അത് അതേപടി പ്രയോഗിക്കാൻ അതേ ശക്തി നമ്മുടെമേൽ നിക്ഷിപ്തമാണ്. തന്റെ സജീവമായ വിശ്വാസത്തിന്റെ ഫലമായി ആ സ്ത്രീയെ യേശു അംഗീകരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തു. ഇന്നത്തെ വിശ്വാസത്തിൻറെ തീർഥാടനവും വ്യത്യസ്തമായ അതിർവരമ്പുകളാലും ജീവിത സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടുന്നു. രോഗം, തിരസ്കരണഭീതി, ഭയം, കുറ്റബോധം, നിരാശ, സംശയം, മനുഷ്യരെ തങ്ങളുടെ സൗഖ്യദായകനായ ദൈവത്തെ ശ്രദ്ധിക്കുന്നതിൽ നിന്ന് അകറ്റുന്നു.

ഇപ്രകാരമുള്ള നമ്മുടെ ചുറ്റുപാടുകൾക്ക്, വിശ്വാസവും കൃപയും നിറഞ്ഞ ഒരു ജീവിതം നയിക്കുന്നതിൽ നിന്ന് നമ്മെ എളുപ്പത്തിൽ വ്യതിചലിപ്പിക്കാനാകും. ഓരോ ദിവസവും വ്യത്യസ്ത രൂപങ്ങളിൽ നാം അതികായന്മാരെ അഭിമുഖീകരിക്കുന്നു, തന്മൂലം നമ്മിൽ പിറുപിറുപ്പും മനോഭാവവും വളർത്തിയെടുക്കുന്നു. അത്തരം സന്ദർഭങ്ങളിൽ, നമ്മുടെ വിശ്വാസവും ദൈവത്തിലുള്ള നമ്മുടെ നിലപാടുകളും നാം ചോദ്യം ചെയ്യുന്നു. ഭയവും സംശയങ്ങളും നമ്മിൽ നുഴഞ്ഞു കയറുന്നു.. ദൈവം ഒരു പ്രാർഥനക്കു അപ്പുറം മാത്രമാണ് എന്ന കാര്യം നാം മറക്കുകയും ചെയ്യുന്നു. അത്തരം നിമിഷങ്ങളിൽ ആണ്, രോഗശാന്തിക്കുള്ള യേശുവിന്റെ ശക്തിയുടെ പ്രാപ്തിയുടെ അടുത്തു നാം വരേണ്ടത്. അത് നമ്മെ പുനഃസ്ഥിതീകരിക്കുകയും സൌഖ്യമാക്കുകയും ചെയ്യും.

### ഒരു നിമിഷം ചിന്തിക്കാം

1. സൌഖ്യം പ്രാപിക്കാനും സൌഖ്യം പകരുവാനും ദൈവത്താൽ നമ്മിൽ നിക്ഷിപ്തമായ ശക്തി നാം ഉപയോഗിക്കുന്നുണ്ടോ?
2. നാം അതിർവരമ്പുകൾ തരണം ചെയ്തുകൊണ്ട് ദൈവത്തിൽ നിന്ന് വരുന്ന ശക്തിയെ മനുഷ്യരെ തൊടാനും രോഗികളെ സുഖപ്പെടുത്തുവാനും വേണ്ടി ഉപയോഗിക്കുന്നുണ്ടോ ?

### പ്രാർത്ഥന

ദൈവമേ, ഞങ്ങളുടെ ഈ തീർത്ഥാടനത്തിൽ നിന്നിൽ വിശ്വാസമർപ്പിക്കുവാനും . നിന്നെ വിശ്വസിക്കുന്ന ഈ ജീവിതത്തിൽ നിന്നോടൊപ്പം ചേരുമ്പോൾ മറ്റുള്ളവരെ സ്പർശിക്കുവാനും ഞങ്ങളെ അനുവദിക്കണമേ . ദൈവമേ നീ ഞങ്ങളെ സുഖപ്പെടുത്തുകയും , സ്നേഹത്തിൽ, സമാധാന്തത്തിൽ ,

സന്തോഷത്തിൽ, വിളിക്കു യോഗ്യമാം വണ്ണം ജീവിക്കാൻ ആവശ്യമായ ആത്മാവിനെ ഞങ്ങളിൽ ഉറപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**Ms Imtimenla Aier**
സെക്രട്ടറി-ചാപ്ലെൻസ് വിഭാഗം - CMAI

ദിവസം 5 , 14 ഫെബ്രുവരി, 2019, വ്യാഴാഴ്ച

## വിശ്വാസത്തോടുകൂടിയുള്ള സ്പർശനം ദൈവത്തിന്റെ പ്രതികരണത്തെ ക്ഷണിക്കുന്നു

മർക്കോസ് 5:21-34, ലൂക്കാ. 8:42b- 48

രക്തസ്രാവമുള്ള ഒരു സ്ത്രീയുടെ സൗഖ്യം വിശ്വാസത്തിൽ തൊടുന്ന ഒരു കഥയാണ്. പേരുവെളിപ്പെടുത്തിയിട്ടില്ലാത്ത സ്ത്രീ യഥാർത്ഥത്തിൽ അശുദ്ധയും പുറന്തള്ളപ്പെട്ടവളും ആയിത്തീർന്നിരുന്നു, അതിനാൽ, അവൾ കൂട്ടായ്മയിൽ നിന്നും മതപരമായ ജീവിതത്തിൽനിന്നും പുറത്താക്കപ്പെട്ടു. അവൾക്കുണ്ടായ നാശനഷ്ടങ്ങളും അവളുടെ ആരോഗ്യപ്രശ്നങ്ങളും മുൻകാല വേദനാജനകമായ അനുഭവങ്ങളും മൂലം അവൾ തന്റെ പ്രശ്നങ്ങൾ സഹായത്തിനായി യേശുവിനോട് തുറന്നു പറയാൻ മടിച്ചുനിന്നു. മാത്രമല്ല, യേശുവിനു ചുറ്റുമുള്ള സൗഖ്യകാംക്ഷികളുടെ കൂട്ടത്തിൽ അവൾ ഒറ്റപ്പെട്ടു. മിക്കവാറും ആ ശ്രമം അവളുടെ അവസാനത്തെ പ്രതീക്ഷയായിരിക്കാം. വിശ്വാസവും ധൈര്യവും മൂലം അവൾ യേശുവിന്റെ ശ്രദ്ധ പിടിച്ചുപറ്റി, താൻ സുഖപ്പെടുത്തുവാൻ പോകുന്ന യായീറൊസിൻറെ മകളേക്കാൾ ആ സ്ത്രീക്ക് അധികം ശ്രദ്ധ നൽകണമെന്നു യേശുവിനുള്ള സന്ദേശം കൂടിയായിരുന്നു അത്.

യേശുവിന്റെ പ്രതികരണം എത്രയോ വേഗത്തിൽ ആയിരുന്നു. സൗഖ്യപ്രദായക ശക്തി തന്നിൽ നിന്ന് പ്രവഹിച്ച് രക്തസ്രാവം ക്ഷണത്തിൽ നിറുത്തി. ശാരീരിക സൗഖ്യം. അവൾ ആഗഹിച്ചതു അത് മാത്രം ആയിരുന്നു. എന്നാൽ യേശു അവളെ രോഗശാന്തിയുടെ മറ്റൊരു തലത്തിലേക്ക് കൊണ്ടുപോയി. യേശു ഉയർത്തിയ ചോദ്യം,"ആരാണ് എന്നെ തൊട്ടത്?" തൻറെ വസ്ത്രത്തിൽ തൊട്ട വ്യക്തിയെ തുറന്നുകാട്ടുന്ന ഒരു ശ്രമം മാത്രമായിരുന്നില്ല പിന്നെയോ തന്റെ ഭയം മറികടക്കുന്നതിനും, തന്റെ സൗഖ്യത്തിനു സാക്ഷ്യം വഹിക്കുവാനുമുള്ള ക്ഷണമായിരുന്നു.

അസാധാരണമായ സ്പർശനത്തെക്കുറിച്ച് പത്രോസ് ആശ്ചര്യപ്പെട്ടപ്പോൾ , യേശുവിന്റെ പ്രവർത്തനം അവൻ ദൈവത്തിന്റെ വേലയുടെ ഒരു മുഖാന്തരം മാത്രം അല്ല പ്രത്യുത, ദിവ്യശക്തിയുടെ യഥാർത്ഥ സ്രോതസ്സാണെന്നു വെളിപ്പെടുത്തി. യേശു അവളെ "മകൾ" എന്നു വിളിച്ചു (സമൂഹം അശുദ്ധമാക്കിയവളെ) "നിൻറെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു" എന്ന പ്രഖ്യാപനം ദൈവകുടുംബത്തിലേക്കും അവളെ ഒറ്റപ്പെടുത്തിയ സമൂഹത്തിലേക്കും അവൾക്കുള്ള സ്വാഗത പ്രഖ്യാപനമായി. യേശു നൽകിയ "സമാധാനം" (ലൂക്കോസ് 8: 48) ദൈവത്തോടുള്ള യഥാർത്ഥ ബന്ധത്തിലേക്കും അവളുടെ മാനവികതയുടെ പൂർണ നവീകരണത്തിലേക്കുമുള്ള ക്ഷണമാണ്. വിശ്വാസത്തിൽ തന്നെ സ്പർശിക്കുന്നതിനോടുള്ള ദൈവത്തിൻറെ പ്രതികരണം ഇതാണ്.

ഈ സംഭവം മൂലം വന്ന കാലതാമസം മുഖാന്തിരം യായീറെസിന്റെ മകളുടെ ജീവൻ നഷ്ടപ്പെട്ടു- അവൾ മരിച്ചു, എന്നാൽ യേശു പിന്നീട് അവളെ ഉയിർപ്പിച്ചു. എന്തായാലും, ഈ സംഭവം നമ്മുടെ വിശ്വാസത്തിന്റെയും ദൈവത്തിന്റെ പ്രതികരണത്തിന്റെയും പരസ്പരബന്ധം ഊന്നിപ്പറയുന്നു. ഭാരതത്തിലെ വിശ്വാസ സമൂഹങ്ങൾക്കും ബന്ധപ്പെട്ട ആതുര സ്ഥാപനങ്ങൾക്കും ഈ സംഭവം നൽകുന്ന അനുശാസന ഇതാണ് - തകർന്നവരെയും പാർശ്വവത്ക്കരിക്കപ്പെട്ടവരെയും ഈ ലോകത്തിന്റെ തിരക്കുകളിൽ മറവിയിൽ ആയി പൊര്യവരെയും യേശു കരുതിയ പോലെ കരുതുക.

### ഒരു നിമിഷം ചിന്തിക്കാം

1. നമ്മുടെ ശുശ്രൂഷകളെ ശാരീരിക പരിധിക്കപ്പുറത്തേക്ക് കൊണ്ടുപോയി മനുഷ്യ ജീവിതങ്ങളെ ആഴത്തിൽ സ്പർശിക്കുമാറാക്കുവാൻ ഏതു വിധത്തിലാണ് സാധിക്കുക?
2. വിശ്വാസ സമൂഹങ്ങളും കരുതലുള്ള സ്ഥാപനങ്ങളും എന്ന നിലയിൽ ഇന്നത്തെ 'ജനക്കൂട്ടത്തിൽ' നഷ്ടപെട്ടവർക്കായി നമുക്ക് എങ്ങനെ സംവേദനവും കരുതലും ഉള്ളവരായി മാറുവാൻ സാധിക്കും?

### പ്രാർത്ഥന

ദൈവമേ, നിന്നെ സമീപിക്കുന്നവരെ തിരസ്കരിക്കാത്തവനെ, എല്ലാം നഷ്ടപ്പെട്ടവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനു മാത്രമല്ല, അവർക്കു സഹായമെത്തിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും നീങ്ങാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളും ഞങ്ങളുടെ വിശ്വാസ സമൂഹങ്ങളും ആതുര സ്ഥാപനങ്ങളും ഞങ്ങളുടെ വിളി അനുസരിച്ചു കർത്താവായ യേശു ക്രിസ്തുവിലൂടെ നീ വെളിപ്പെടുത്തിയതിനു സാക്ഷികളാകുവാൻ ഇടയായിതീരട്ടെ ആമേൻ .

**റവ. ജോർജ് വരഗീസ്,**
യുബിഎസ്, പുണെ .

ദിവസം 6 , 15ഫെബ്രുവരി, 2019, വെള്ളിയാഴ്ച

## സ്വർഗീയ സ്പര്ശനത്തിന്റെ പ്രാധാന്യം: പുറന്തള്ളലിൽ നിന്ന് പുനഃസ്ഥാപനത്തിലേക്ക്

മർക്കോസ് 1: 40-45

യേശുവിന്റെ ദൗത്യവും ശുശ്രൂഷയും മൂന്നുഘടകങ്ങൾ ഉൾക്കൊള്ളുന്നവയാണ്. പഠിപ്പിക്കൽ, പ്രസംഗിക്കൽ, രോഗശാന്തി (മത്താ 4) എന്നിവയായിരുന്നു അവ. രോഗശാന്തി പല രീതികളിൽ നടന്നു. ദരിദ്രർക്കുവേണ്ടിയും തകർന്നിരിക്കുന്നവരോടൊപ്പമുള്ള വഴികളിൽ ഒന്ന് (ലൂക്കാ 7 11-14; ലൂക്കാ 8 44-48; മർക്കോ 1 40-45, മർക്കോ 7, 31-37). മരിച്ചവർ , കുഷ്ഠരോഗികൾ, ആർത്തവക്രമം തെറ്റിയവർ തുടങ്ങിയവരെ തൊടുന്നത് യേശുവിനെ ജൂത നിയമപ്രകാരം അശുദ്ധനാക്കിത്തീർക്കുമായിരുന്നു. യേശുവിനു മുൻപിൽ രണ്ടു മാര്ഗങ്ങൾ ഉണ്ടായിരുന്നു: യഹൂദ നിയമത്തിനോട് ചേർന്നു നിൽക്കുകയോ കർക്കശമായ നിയമത്തിൽനിന്നു പുറത്ത് വരികയോ ചെയ്യേണ്ടതാണ്. യേശു മനഃപൂർവ്വം രണ്ടാമത്തെ വഴി തിരഞ്ഞെടുക്കുവാൻ തീരുമാനിച്ചു.

യേശുവിന്റെ കാലത്ത് കുഷ്ഠരോഗം ഒരു ഭയാനക രോഗമായി പരിഗണിക്കപ്പെട്ടു. ഇത് ക്രമേണമായി വൈകല്യമുളവാക്കുന്ന ഒരു രോഗമാണ്. ലേവ്യപുസ്തകം കുഷ്ഠരോഗം സംബന്ധിച്ചു നന്നായി വിവരിക്കുന്നു. (Lev 13-14 cff, Num 5 3). ശാരീരികവും, മാനസികവും, സാമൂഹ്യവും, മതപരവുമായ എല്ലാ തലങ്ങളിലും സമൂഹത്തിൽ മറ്റുള്ളവർ തങ്ങളെ തൊടുന്നത് മൂലം അശുദ്ധമാക്കപ്പെടുന്നത് ഒഴിവാക്കപ്പെടുന്നതിന് സദാ സമയം 'അശുദ്ധം അശുദ്ധം അശുദ്ധം 'എന്ന് ഉരുവിട്ട് കൊള്ളണമെന്ന് കുഷ്ഠരോഗികളോട് ആവശ്യപ്പെട്ടിരുന്നു. ദൈവം ഒരു കുഷ്ഠരോഗിയെ ശുദ്ധീകരിച്ചതായി പഴയനിയമത്തിൽ രണ്ടു തവണ മാത്രമേയുള്ളൂ (സംഖ്യ 12-15-15) [7 ദിവസത്തെ വേർപാട്] നയമാൻ കുഷ്ഠരോഗിയായിരുന്നപ്പോൾ യഹൂദനിയമത്തെ അറിയാമായിരുന്ന എലീശാ യോർദ്ദാൻ നദിയിൽ ഏഴു തവണ തന്നെ കഴുകാൻ കൽപ്പിച്ചു. (II രാജാക്കന്മാർ 5 :10) കുഷ്ഠരോഗികൾ ഒരു സ്പർശനത്തിനു യോഗ്യരല്ലെന്ന് ഇത് വ്യക്തമാക്കുന്നു. എന്നിരുന്നാലും, മർക്കോ 1:40-45-ൽ പറയപ്പെടുന്ന കുഷ്ഠരോഗി. ഒരുപക്ഷേ അവന്റെ സമുദായത്തിലും സമൂഹത്തിലും ഒരു സ്വീകാര്യത ലഭിക്കേണ്ടതിനും കൂടി സൗഖ്യം പ്രാപിക്കുവാൻ ആഗ്രഹിച്ചു. അവന്റെ വാക്കുകളെ കേൾക്കുക: 'നിനക്ക് മനസ്സുണ്ടെങ്കിൽ (ധിക്കാരമല്ല) എന്നെ ശുദ്ധീകരിക്കാൻ കഴിയും (യേശുവിന്റെ കഴിവിൽ സംശയം കൂടാതെ). 'യഥാർത്ഥ സ്രോതസ്സായ യേശു ഒരു വ്യത്യസ്ത മാതൃക തിരഞ്ഞെടുത്തു. അവൻ സഹാനുഭൂതിയോടെ മുന്നോട്ടു വരികയും എല്ലാ തടസ്സങ്ങളും ലംഘിക്കുകയും ചെയ്തു. അവൻ തൊട്ടുകൂടാത്തവയെ സ്പർശിച്ചു (കർമനിരീക്ഷണത്തെക്കുറിച്ചുള്ള യഹൂദ നിയന്ത്രണങ്ങൾ അവനു ബാധകമായില്ല) അവനോട് പറഞ്ഞു ഞാൻ പറഞ്ഞു: "ഞാൻ" (ഗ്രീക്ക്- ആധികാരിക പ്രഖ്യാപനം); "ശുദ്ധിയുള്ളവരായിരിക്കുക" (ഗ്രീക്ക്- aorist നിഷ്ക്രിയ, നിർണായക നിയമം). ഉടനെ കുഷ്ഠം വിട്ടു മാറി. അവൻ ശുദ്ധിയുള്ളവനായി. അത് പൂർണ്ണവും അവനെ കണ്ട എല്ലാവർക്കും ദൃശ്യവും ആയിരുന്നു. കർക്കശമായ യഹൂദ ചട്ടങ്ങൾ അറിഞ്ഞിരുന്ന പുരോഹിതനെ തന്റെ പുനഃസ്ഥാപിക്കപ്പെട്ട ശരീരം കാണിക്കാൻ യേശു കുഷ്ഠരോഗിയോട് ആവശ്യപ്പെട്ടു. പക്ഷെ കുഷ്ഠരോഗി പുറത്തു പോയി, അതിനെക്കുറിച്ച് സ്വതന്ത്രമായി സംസാരിക്കാൻ തുടങ്ങി. ദിവ്യ സ്പർശനം അവനെ പുറന്തള്ളലിൽ നിന്നും പുനരുത്ഥാനത്തിലേക്ക് നയിച്ചു

ജാതിയും ലിംഗവും രോഗങ്ങളും മൂലം വേർപിരിഞ്ഞ, മതിലുകളുള്ള ഒരു ലോകത്തിൽ നാം ജീവിക്കുകയാണ്. സാങ്കേതികവിദ്യയുടെ മേഖലയിൽ നാം മുന്നിലാണെങ്കിലും സഭയിലും സമൂഹത്തിലും മറ്റുള്ളവരെ തൊട്ടുകൂടാത്തവരായി കരുതുന്ന ചിലരെങ്കിലും ഉണ്ട്. യേശുവിന്റെ ശിഷ്യർ എന്ന നിലയിൽ നമ്മെ വേർപിരിക്കുന്ന കട്ടിയുള്ള മതിലുകൾ തകർക്കാനും ചിതറിക്കപ്പെട്ട സഭയും സമൂഹവും പുനഃസ്ഥാപിക്കുവാനും നമുക്ക് സാധിക്കുമെന്ന് അവൻ പ്രതീക്ഷിക്കുന്നു.

### ഒരു നിമിഷം ചിന്തിക്കാം

1. നിങ്ങൾ യേശുവിനെ സ്പർശിക്കാനോ യേശുവിനാൽ സ്പർശിക്കപ്പെടാനോ തയ്യാറാണോ?
2. യേശുവിനെ സ്പർശിക്കുന്നതിൽ നിന്ന് നിങ്ങളെ എന്താണ് തടയുന്നത് ?
3. മറ്റുള്ളവരുടെ ജീവിതത്തെ തൊടാൻ നിങ്ങൾ ഇന്ന് മനഃപൂർവ്വം തീരുമാനിക്കുമോ?

### പ്രാർത്ഥന

കർത്താവേ, എന്റെ ജീവിതത്തെ പുനഃസ്ഥാപിക്കുന്ന നിന്റെ ആ പ്രത്യേക സ്പർശനം എനിക്ക് ആവശ്യമാണ്. പരിത്യജിക്കപ്പെട്ടവരും തകർന്നവരുമായ മറ്റുള്ളവരെയും തൊടുവാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവരെ നിന്റെ കണ്ണാൽ കാണുവാൻ എന്നെ സഹായിക്കണമേ ആമേൻ

ദിവസം 7 , 16 ഫെബ്രുവരി, 2019, ശനിയാഴ്ച

## ക്രിസ്തീയ സഭകൾ. സ്വർഗീയ സ്പർശനത്തിന്റെ ചാലകങ്ങൾ

പ്രവൃത്തികൾ 3:1-10

'എന്നെ തൊട്ടത് ആര് എന്ന ചോദ്യം ' കഷ്ടത അനുഭവിക്കുന്ന മനുഷ്യത്വത്തോടുള്ള ദൈവത്തിന്റെ ഐക്യതയുടെ ഒരു പ്രകടനമാണ്. ഉൽപത്തിയുടെ ആദ്യത്തെ മൂന്ന് അധ്യായങ്ങളിൽ വിവരിക്കുന്ന സൃഷ്ടികളുടെ ആഖ്യാനം, ദൈവത്തിന്റെ സ്പർശനത്തിലൂടെ മനുഷ്യരെ ഉരുവാക്കി എന്ന ആശ്വാസകരമായ സന്ദേശം നൽകുന്നു. മാനവികതയുടെ ചരിത്രത്തിൽ ഉടനീളം മാനവരെ, പ്രത്യേകിച്ച് ഇസ്രയേലിനെ തന്റെ സ്വന്തമാക്കാനുള്ള ദൈവത്തിന്റെ ആഗ്രഹം പ്രദർശിപ്പിച്ചിരിക്കുന്നു. സുവിശേഷങ്ങളിൽ രോഗശാന്തികളും അത്ഭുതങ്ങളും ദൈവീക - മാനുഷ ബന്ധത്തിലേക്കുള്ള തെളിവാർന്ന ചൂണ്ടുപലകകൾ ആണ്. വിശേഷിച്ചും, ദൈവത്തിന്റെ ജനം ദുഷ്കരമായ സമയങ്ങളിലൂടെ കടന്നു പോകുമ്പോൾ, എല്ലായ്പ്പോഴും തന്റെ സാന്നിദ്ധ്യം അവരോടൊപ്പം ഉണ്ടെന്ന് ദൈവം ഉറപ്പിച്ചു പറയുന്നു. സഹനം അനുഭവിച്ചിരുന്ന സ്ത്രീയോടുള്ള :എന്നെ തൊട്ടത് ആര് " എന്ന ചോദ്യം ദൈവത്തിന്റെ ഈ ദൗത്യത്തിന്റെ വെളിച്ചത്തിൽ വേണം നാം മനസിലാക്കുവാൻ. അതായത് തന്റെ ദേഹത്ത് തൊട്ടത് ആരാണ് എന്നല്ല യേശു ചോദിച്ചത്. താനെന്ന വ്യക്തിയെ സ്പർശിച്ചത് ആരാണ് എന്നാണു.

പത്രോസിന്റെ അയാളുടെ വലത്ത് കൈയിൽ പിടിച്ചു ഉയർത്തിയ പ്രവൃത്തിയിൽ പത്രോസിന്റെയും കഷ്ടത അനുഭവിക്കുന്ന മനുഷ്യൻറെയും ഒരു സ്പർശനത്തെ നാം കാണുന്നു. പത്രോസിന്റെ ഈ പ്രവൃത്തിയിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന മൂന്നു വേദപുസ്തക സത്യങ്ങളുണ്ട്.

1. മനുഷ്യന്റെ പ്രകൃതം: സുന്ദരകവാടത്തിലെ അശരണനായ മനുഷ്യൻ.

ദൈവസാന്നിദ്ധ്യത്തിൽ ഇരുന്നിട്ടും ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ ശക്തി പൂർണമായി അനുഭവിക്കാത്തിരുന്നത് മൂലം മറ്റുള്ളവരെ ആശ്രയിക്കുന്ന ഒരു വ്യക്തിയാണ് ഇവിടെ. ഒരു സാധാരണജീവിതം നയിക്കാൻ കഴിയാതെ, പല കാര്യങ്ങളിലും പരിമിതനായിരുന്നു അയാൾ സുന്ദരകവാടത്തിൽ ഇരിക്കുന്ന ഒരു വ്യക്തി, എന്നാൽ ആരാലും ശ്രദ്ധിക്കപ്പെടാതെ, മാനുഷിക സഹായം തനിക്കു ലഭിക്കും എന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നതാണ് വിരോധാഭാസം.

2. ദൈവത്തിന്റെ സൌഖ്യത്തിന്റെ മാർഗം: സൌഖ്യത്തിലേക്കു നയിക്കുവാനുള്ള ദൈവത്തിന്റെ കഴിവിൽ പത്രോസിന്റെ വിശ്വാസം

ഈ കഷ്ടപ്പെടുന്ന മനുഷ്യശരീരത്തെ സൗഖ്യത്തിനു കാരണം പത്രോസിന്റെ പ്രതിബദ്ധതയാണ്. മറ്റുള്ളവർ അവനെ 'കണ്ടു കാണുമായിരിക്കും., പക്ഷേ, രോഗശാന്തി വരുത്തുന്നതിനുള്ള ദൈവത്തിൻറെ കഴിവിൽ പത്രോസിനുണ്ടായിരുന്ന വിശ്വാസമാണ് കഷ്ടപ്പെടുന്ന മനുഷ്യന്റെ ജീവിതത്തിൽ വ്യത്യാസം കൊണ്ടുവന്നത്. സൗഖ്യദായക ശുശ്രൂഷയുടെ ഭാഗമായിരിക്കാനുള്ള നമ്മുടെ ശ്രമത്തിൽ നമ്മെ ഉറപ്പിക്കുന്ന ഒരു സുപ്രധാന പാഠം ദൈവമാണ് രോഗശാന്തി നൽകുന്ന ഉറവിടമെന്ന തിരിച്ചറിവാണ്. അവന്റെ അപരിമേയ ശക്തിയെ താഴ്ത്തി കാണുന്നത് മുഖാന്തിരം അതിന്റെ ഗുണത്തെ മുഴുവനായി പ്രാപിക്കാൻ നമുക്ക് പലപ്പോഴും കഴിയാറില്ല. മെഡിക്കൽ സയൻസസ്, ടെക്നോളജി മുതലായ മറ്റ് 'രോഗശാന്തിവൽക്കരണ മാർഗങ്ങളെ 'ആശ്രയിക്കുന്നതിനെക്കുറിച്ചു ചിന്തിക്കുന്നത് സൗഖ്യദായക ശുശ്രൂഷയെക്കുറിച്ചുള്ള നമ്മുടെ മനസിലാക്കലിനെ പരിമിതപ്പെടുത്തുന്നു. കാലക്രമേണ മിഷൻ ആശുപത്രികളുടെ ഉദ്ദേശ്യം തന്നെ സൗഖ്യദായക ശുശ്രൂഷയിൽ സഭകളെ അവഗണിക്കുന്നത് കൊണ്ട് മറന്നുപോകാൻ സാധ്യത ഉണ്ട്. സൗഖ്യദായക ശുശ്രൂഷയുടെ ഉടമസ്ഥാവകാശം ക്രിസ്തുവിന്റെ സൗഖ്യത്തിന്റെ പ്രയോക്താക്കൾ എന്ന നിലയിൽ സഭകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

3. സൗഖ്യം പ്രാപിച്ചവരുടെ പുതു സ്ഥിതി

കഷ്ടപ്പെടുന്നവരുടെ പദവി രോഗശാന്തിക്കുശേഷം മാറുന്നു. പടിവാതിൽക്കൽ നിന്നു അവൻ സിനഗോഗിലേക്കു കയറുകയാണ്. ഒരു പുതിയ ശാരീരികവും സാമൂഹികവും സാമ്പത്തികവും സഭാപരവുമായ പദവി ലഭിക്കുകയും അവൻ വിശ്വാസ, ആരാധനാ സമുദായത്തിന്റെ ഭാഗമാവുകയും ചെയ്യുന്നു. . ദൈവവുമായി ഒരു പുതിയ ബന്ധം വളരുന്നു. ഇതെല്ലാം യാഥാർഥ്യമായി തീർന്നത് ഒരു സഭാംഗത്തിന്റെ പ്രതിബദ്ധതയും സൗഖ്യം പ്രാപിച്ചവന് സഭയിൽ ലഭിച്ച സ്വീകാര്യതയും നിമിത്തമാണ്. അത്തരത്തിൽ സൗഖ്യദായക ശുശ്രൂഷ സഭാവളർച്ചക്കു നിമിത്തമായി മാറുന്നു.

കഷ്ടപ്പെടുന്ന വ്യക്തികളുടെ ഇന്നത്തെ ചോദ്യം "ഞങ്ങൾ അസ്പർശ്യർ ആണോ" "ഞങ്ങളെ സ്പർശിക്കുവാൻ ആരെങ്കിലും ഉണ്ടോ? " എന്നൊക്കെ ആണ്. സൗഖ്യം കൈവരുന്ന മനുഷ്യ സ്പർശനം മാനവികതക്ക് ലഭിച്ച ദൈവീക സ്പർശത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണ്. ദൈവിക സ്പർശനത്തിന്റെ ഉറവകളാകാൻ നമുക്ക് മനസുണ്ടോ?

## ഒരു നിമിഷം ചിന്തിക്കാം

1. നാം ദൈവത്തിനുവേണ്ടിയുള്ള ഏതുതരം ഉപാധികളാണെന്നു പ്രാർഥനാപൂർവം പരിശോധിക്കുമോ?

2.നമുക്ക് ക്രിസ്തുവിനെപ്പോലെ ജീവിതം നയിക്കുന്നതിലൂടെ മനുഷ്യവർഗത്തെ സേവിക്കാനുള്ള ദൈവത്തിന്റെ ഉപാധി ആയിത്തീരുവാൻ സാധിക്കുമോ?

## പ്രാർത്ഥന

കർത്താവേ, ദിവ്യ സൗഖ്യമേ , എന്നെയും ഞങ്ങളെയും നിന്റെ സാന്നിദ്ധ്യം, സ്നേഹം, സൌഖ്യമാക്കുന്ന ശക്തി എന്നിവയിലൂടെ കഷ്ടപ്പെടുന്ന മനുഷ്യർക്കുവേണ്ടിയുള്ള നിങ്ങളുടെ സൗഖ്യത്തിന്റെ ഉപാധികൾ ആക്കണമേ. ആമേൻ

**ഇസ്രയേൽ ഡേവിഡ് എ.**
യൂണിയൻ ബിബ്ലിക്കൽ സെമിനാരി, പുനെ